**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 7470** **17.07.2012- ൽ മറുപടിക്ക്**

## 'നിറവ്' പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 'നിറവ്' പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ അവതാളത്തിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിറവ് പദ്ധതി നടപ്പിലാക്കുന്ന ചില മണ്ഡലങ്ങളിലെ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ തസ്തികയിൽ ഒഴിവുണ്ട്. എന്നിരുന്നാലും പദ്ധതി നടത്തിപ്പിനെ ബാധിയ്ക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിന് നിറവ് പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ കൃഷി ഓഫീസർ മാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) നിറവ് പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് വേണ്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർമാരെയും ട്രാൻസ്ഫർ/ പ്രൊമോഷൻ മുഖേന നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ